KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.96/PR/PIC/PHQ/18 Date : 18.04.2018

**സൗഹാർദ്ദാന്തരീക്ഷം തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ കർശന നടപടി – സംസ്ഥാന പോലീസ് മേധാവി**

വർഗ്ഗീയ ചേരിതിരിവിലൂടെ സൈ്വര്യജീവിതത്തിന് ഭംഗം വരുത്താനും സൗഹാർദ്ദാന്തരീക്ഷം തകർക്കാനും സംഘർഷങ്ങളുണ്ടാക്കാനുമുള്ള ശ്രമങ്ങൾ ഒരുതരത്തിലും അനുവദിക്കുകയില്ലെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ വ്യക്തമാക്കി. ഇക്കഴിഞ്ഞ 16 ന് സോഷ്യൽ മീഡിയ വഴി ആഹ്വാനം ചെയ്തു നടത്തിയ ഹർത്താലിലും അതിനെതുടർന്നും ഇത്തരത്തിലുള്ള ശ്രമങ്ങൾ സംസ്ഥാനത്തെ ചില ഭാഗങ്ങളിൽ ഉണ്ടാകുന്നുണ്ട്. അത്തരക്കാർക്കെതിരെ പോലീസ് കർശന നടപടി സ്വീകരിക്കും. മതസൗഹാർദ്ദം തകർക്കുന്നതരത്തിൽ സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള പ്രചരണങ്ങൾ ഇതിന്റെ ഭാഗമായി ഉണ്ടാകുന്നുണ്ട്. അത്തരം നടപടികൾക്കെതിരെയും കർശനമായ നിയമനടപടി സ്വീകരിക്കും. ജില്ലാ പോലീസ് മേധാവിമാർക്ക് അതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

സൗഹാർദ്ദാന്തരീക്ഷം ഇല്ലാതാക്കുന്നതിനും സംഘർഷം ഉണ്ടാക്കുന്നതിനും ലക്ഷ്യമിട്ട് സ്ഥാപിത താത്പര്യക്കാർ നടത്തുന്ന കുപ്രചരണങ്ങൾക്ക് ജനങ്ങൾ, പ്രത്യേകിച്ചും ചെറുപ്പക്കാർ വശംവദരാകരുതെന്നും പ്രകോപനങ്ങൾക്ക് കാരണമാകുന്ന പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കണമെന്നും മതമൈത്രിക്കും സാമുദായിക സൗഹാർദത്തിന് പേരുകേട്ട കേരളത്തിൽ അതിനു വിരുദ്ധമായ പ്രവർത്തനങ്ങൾ തടയുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും പൂർണ്ണ സഹകരണം ഉണ്ടാകണമെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചു.

********

************